## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖല/മോഡൽ റെസിഡഷ്യൽ സ്കൂൾ, ഐ.ടി.ഐ/ ഐ.ടി.സി. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠനവും തുടർ പഠനവും ഉറപ്പാക്കാനായി സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി 33 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഐ.ടി.ഐയിൽ പഠനകാലയളവിൽ Stipend, Lumpsum grant, Uniform allowance എന്നിവയും, പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐയിൽ പരിശീലനം നടത്തി വരുന്ന പഠനകാലയളവിൽ - Stipend, Lumpsum grant, Uniform allowance, ഉച്ചഭക്ഷണം, പോഷകാഹാരം, Hostel allowancesഉം , റസിഡെൻഷ്യൽ ITI യിൽ പഠിക്കുന്നവർക്ക് ഹോസ്റ്റൽ food, pocket money എന്നിവയും നൽകി വരുന്നു. കൂടാതെ തുടർ പരിശീലനത്തിനായി സൗജന്യമായി toolkit ഉം നൽകുന്നുണ്ട്. എം.ബി.ബി.എസ്, ബി.വി.എസ്.സി എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഒരിക്കൽ പരാജയപ്പെട്ടതിനുശേഷം വീണ്ടും പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യം വരെ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിൽ പഠിച്ച് എം.ബി.ബി.എസ് വിജയിക്കാത്തവർക്ക് മൂന്ന് പ്രാവശ്യം വരെ റിപ്പീറ്റ് ചെയ്യുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നു. എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥിൾക്ക് 12 ഗവ:/എയ്ഡഡ് എഞ്ചിനിയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | സ്കോളർഷിപ്പുകൾ, ലംപ്സംഗ്രാന്റ്, ചികിത്സാ ആനുകൂല്യങ്ങൾ, പഠനമുറിയും പഠന സൗകര്യങ്ങൾ | (ബി) | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിൽ നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പുകൾ, ലംപ്സംഗ്രാന്റ്, |

| | | | |
|---|---|---|---|
| | ഉറപ്പാക്കലും എന്നിവ ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകി വരുന്നതെന്ന് വിശദമാക്കുമോ; | | ചികിത്സാ ആനുകൂല്യങ്ങൾ, പഠനമുറി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br><br>3.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br><br>4.ഇതര സംസ്ഥാന പഠനം<br><br>5.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.<br><br>6.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br><br>8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>9. ലാപ്ടോപ്പ് വിതരണം<br><br>10. പഠന മുറി പദ്ധതി<br><br>11. ഗോത്രബന്ധു പദ്ധതി<br><br>12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി<br><br>13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br><br>14.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br><br>15. വിജ്ഞാൻ വാടികൾ<br><br>16. ചികിത്സാ ധനസഹായം<br><br>പട്ടികവർഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ചികിത്സാ സഹായം, അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം, ആംബുലൻസ് സേവനം മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും, ജനനി ജന്മരക്ഷാ പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി അവരുടെപഠന നിലവാരമുയർത്താനായി | (സി) | ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഇ ഗ്രാന്റ്സ് 3.0 പോർട്ടൽ |

| | | | |
|---|---|---|---|
| | സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | | വഴിയാണ് സ്കോളർഷിപ്പുകൾ അനുവദിച്ചു വരുന്നത്. വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ പരിഹരിച്ച് വരുന്നതിനായി ജില്ലാതലത്തിൽ ഒരു സപ്പോർട്ടിങ്ങ് എഞ്ചിനിയറെയും, ഡയറക്ടറേറ്റ്തലത്തിൽ 2 സപ്പോർട്ടിങ്ങ് എഞ്ചിനിയറെയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ